(ഡി) പ്രസക്തമല്ല.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) 4 പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. മറ്റ് 14 എണ്ണം നടപ്പിലാക്കുന്നതിനനുസരിച്ച് എസ്റ്റിമേറ്റ് ബോർഡ് തന്നെ തയ്യാറാക്കുന്നതാണ്.

(ജി) ബാധകമല്ല.

(എച്ച്) ബാധകമല്ല.

പ്രവർത്തനക്ഷമമല്ലാത്ത ജനറേറ്ററുകൾ

68 (220) ശ്രീ. കെ. സുധാകരൻ :
ശ്രീമതി റോസമ്മ ചാക്കോ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-3-2000-ലെ നിലയനുസരിച്ച് സംസ്ഥാനത്ത് ഏതെല്ലാം വൈദ്യുത പദ്ധതികളിൽ ജനറേറ്ററുകൾ പ്രവർത്തിക്കാതായിട്ടുണ്ട് ;

(ബി) അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) എന്നു മുതലാണ് ഇവ ഓരോന്നും പ്രവർത്തിക്കാതായത് ;

(ഡി) ഇതുമൂലം പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയാതെ വന്നിട്ടുണ്ട് ;

(ഇ) ഇവ പ്രവർത്തനക്ഷമമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(എഫ്) ഒരു യൂണിറ്റ് ജലവൈദ്യുതി ഉണ്ടാക്കുവാനുള്ള ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ജി) ഈ ജനറേറ്ററുകൾ പ്രവർത്തിക്കാതായതിന്റെ ഫലമായി ശരാശരി പ്രതിദിനം എത്ര യൂണിറ്റ് താപ വൈദ്യുതി വാങ്ങേണ്ടിവന്നു ;

(എച്ച്) ഇതിന് ഒട്ടാകെ എന്ത് വില നൽകേണ്ടി വന്നു ; വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2000-ലെ കണക്കനുസരിച്ച് പള്ളിവാസൽ, ഇടമലയാർ എന്നീ ജലവൈദ്യുത പദ്ധതികളിലെ ഓരോ ജനറേറ്ററും, ബ്രഹ്മപുരം, കോഴിക്കോട് എന്നീ താപനിലയങ്ങളിലെ ഓരോ ജനറേറ്ററുകളും പ്രവർത്തിക്കാതായിട്ടുണ്ട്. ആകെയുള്ള 2365.6 മെഗാവാട്ടിൽ 76.3 മെഗാവാട്ട് വരുന്ന ജനറേറ്ററുകളാണ് 31-3-2000-ൽ പ്രവർത്തനക്ഷമമല്ലാതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പള്ളിവാസൽ നിലയത്തിലെ ജനറേറ്ററിന്റെ വൈൻഡിംഗ് കത്തിപ്പോയതും, ഇടമലയാർ നിലയത്തിലെ ജനറേറ്ററിന്റെ വയറിംഗ് കേടായതും ബ്രഹ്മപുരം നിലയത്തിലെ ഒരു ഡീസൽ എൻജിന്റെ ഇൻലെറ്റ് റോക്കർ ഡാം തകരാറിലായതും, കോഴിക്കോട് നിലയത്തിലെ ഒരു എൻജിന്റെ റോളറിന്റേയും ഷാഫ്റ്റിന്റെയും തകരാറുമാണ് പ്രസ്തുത ജനറേറ്ററുകൾ പ്രവർത്തിക്കാതായതിന് കാരണം.

(സി) പള്ളിവാസലിലെ ജനറേറ്റർ 4-10-1995 മുതലും, ഇടമലയാറിലെ ജനറേറ്റർ 5-1-2000 മുതലും, ബ്രഹ്മപുരത്തെ ജനറേറ്റർ 15-3-2000 മുതലും കോഴിക്കോട് നിലയത്തിലെ ജനറേറ്റർ 24-3-2000 മുതലുമാണ് പ്രവർത്തിക്കായത്.

(ഡി) ആവശ്യത്തിന് വെള്ളം സംഭരണികളിൽ ഉണ്ടായിരുന്നുവെങ്കിൽ പള്ളിവാസലിലെ ജനറേറ്റർ വഴി 1.20 ലക്ഷം യൂണിറ്റും, ഇടമലയാറിലെ ജനറേറ്ററിൽ നിന്നും 9.00 ലക്ഷം യൂണിറ്റും പ്രതിദിനം ഉൽപാദിപ്പിക്കാമായിരുന്നു. ബ്രഹ്മപുരത്തെ നിലയത്തിൽ നിന്നും പ്രതിദിനം 4.8 ലക്ഷം യൂണിറ്റും, കോഴിക്കോട് നിലയത്തിൽ നിന്നും 3.8 ലക്ഷം യൂണിറ്റും വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ഇ) ബ്രഹ്മപുരം, കോഴിക്കോട് എന്നീ താപനിലയങ്ങളിലെ യൂണിറ്റുകൾ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഇടമലയാർ നിലയത്തിലെ ജനറേറ്ററിന്റെ തകരാർ പരിഹരിക്കുന്ന ജോലി ദ്രുതഗതിയിൽ നടന്നു വരികയാണ്. പള്ളിവാസൽ പദ്ധതിയിലെ ജനറേറ്ററിന്റെ വൈൻഡിംഗ് മാറ്റുന്ന ജോലികളും, പ്രസ്തുത നിലയത്തിന്റെ നവീകരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ നേരത്തെ കത്തിപ്പോയ വൈൻഡിംഗ് മാറ്റിവയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

(എഫ്) 1998-99-ലെ താൽക്കാലിക വാർഷിക കണക്കനുസരിച്ച് ഒരു യൂണിറ്റ് ജലവൈദ്യുതി ഉണ്ടാക്കുവാനുള്ള ചെലവ് (ജനറേഷൻ പോയിന്റിന്) 17.18 പൈസയാണ്. ജലവൈദ്യുത നിലയങ്ങൾ കാലപ്പഴക്കം ചെന്നവയായതു കൊണ്ട് ഡിപ്രിസിയേഷൻ വാല്യുവിന്റെ കുറവ് മൂലമാണ് ഉൽപാദനചിലവ് കുറവായിരിക്കുന്നത്.

(ജി) ജനറേറ്ററുകൾ പ്രവർത്തിക്കാതിരുന്നതിന്റെ ഫലമായി താപവൈദ്യുതി വാങ്ങേണ്ടി വന്നിട്ടില്ല. എന്നാൽ വേനൽക്കാലത്ത് ജല സംഭരണികളിൽ ലഭ്യമാകുന്ന ജലത്തിന്റെ തോത് കുറയുകയും, വൈദ്യുതി ആവശ്യകത വർദ്ധിക്കുകയും ചെയ്തു അതിന്റെ ഫലമായി വേനൽക്കാലത്ത് വർഷകാലങ്ങളെക്കാൾ കൂടുതലായി താപവൈദ്യുതി ഉപയോഗിക്കേണ്ടി വരുന്നുണ്ട്.

(എച്ച്) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly